"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായിരുന്ന ശ്രീമതി എൻ.ആർ.വിജയം, ശ്രീമതി വിജയമാലിനി, ശ്രീമതി വി.എസ്.സിന്ധുമോൾ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2937/2022/LSGD തീയതി,തിരുവനന്തപുരം, 28-11-2022

---

പരാമർശം:-

1. ബഹു. ഹൈക്കോടതിയുടെ 27/09/2019 ലെ WP(C) 11141/2019 നമ്പർ വിധിന്യായം.
2. പഞ്ചായത്ത് ഡയറക്ടറുടെ 30/10/2021-ലെ PAN/12446/2021-D2(DP) നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 21/11/2019 ലെ PAN 12963/2019-C8(DP) നമ്പർ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 13/10/2021 ലെ PAN 12446/2021-D2(DP) നമ്പർ കുറ്റാരോപണ മെമ്മോ.
5. സർക്കാരിന്റെ 05/04/2022-ലെ ഇപിബി4/85/2021/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. പഞ്ചായത്ത് ഡയറക്ടറുടെ 29/10/2022 ലെ PAN 12446/2021-D2(DP) നമ്പർ കത്ത്.
7. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12/04/2022 ലെ ഡിഡിപി-ഇകെഎം/1991/2021-ഡി2 നമ്പർ കത്ത്.

**ഉത്തരവ്**

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിൽ 15-ാം വാർഡ് ജനത റോഡിന്റെ സമീപ പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 2005-10 കാലയളവിൽ ഗ്രാമപഞ്ചായത്ത് ഏകദേശം 60 മീറ്ററോളം ദൂരത്തിൽ നിർമ്മിച്ച കാന/ഓട ശ്രീ. ഇ.വി.പവിത്രൻ ഇടവന എന്ന സ്വകാര്യ വ്യക്തിയുടെ ഭൂമിയിലൂടെയായിരുന്നുവെന്നും ഇപ്രകാരം ഭൂമി കൈയ്യേറിയതിനു ടിയാൻ ബഹു. ഓംബുഡ്സ്മാനിൽ പരാതി സമർപ്പിക്കുകയും പ്രസ്തുത പരാതിയിന്മേൽ ബഹു .ഓംബുഡ്സ്മാന്റെ 19.05.2017 ലെ ഉത്തരവ് പ്രകാരം പരാതിക്കാരൻ തന്നെ തർക്കഭൂമി ആധാരപ്രകാരവും സർവ്വെ റെക്കാർഡ് പ്രകാരവും പഞ്ചായത്ത് അധികാരികളുടെ സാന്നിദ്ധ്യത്തിൽ വില്ലേജ് ഓഫീസറെക്കൊണ്ട് അളന്ന് കല്ലുകൾ സ്ഥാപിക്കണമെന്നും പരാതിക്കാരന്റെ വസ്തുവിലാണ് കാന/ഓട നിർമ്മിച്ചിരിക്കുന്നത് എന്ന് തെളിയുന്ന പക്ഷം ഗ്രാമപഞ്ചായത്ത് കാന/ഓട പൊളിച്ച് മാറ്റണമെന്നുള്ള നിർദ്ദേശത്തെതുടർന്ന് പറവൂർ തഹസീൽദാർ (ഭൂരേഖ) അളന്നപ്പോൾ വസ്തു

കൈയ്യേറിയതായി തെളിഞ്ഞുവെന്നും എന്നാൽ, ബഹു.ഓംബുഡ്സ്മാന്റെ ഉത്തരവ് പാലിക്കുന്നതിന് പഞ്ചായത്ത് അധികാരികൾ തയ്യാറായില്ലെന്നും. അതിനെതിരെ പരാതിക്കാരൻ ബഹു. കേരള ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായ പ്രകാരം പഞ്ചായത്ത് ഡയറക്ടർ പരാതിക്കാരനേയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും നേരിൽ കേട്ട് ബഹു.ഹൈക്കോടതി വിധിന്യായം നടപ്പിലാക്കാനും വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുവാനും നിർദേശം നൽകിയതായും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തു.

ബഹു.ഹൈക്കോടതിയുടെ മേൽ വിധിന്യായത്തിൻ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് അനധികൃതമായി ശ്രീ. ഇ.പി.പവിത്രന്റെ സ്വകാര്യ ഭൂമിയിൽ കൈയ്യേറി നിർമ്മിച്ച കാന/ഓട പൊളിച്ചുമാറ്റി ബഹു. ഹൈക്കോടതിയുടെ 27.09.2019 ലെ വിധിന്യായം പാലിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് പാലിക്കാതെയും, ആ ഉത്തരവിന് യാതൊരുവിലയും കൽപിക്കാതെയുമുള്ള ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രവൃത്തി തികച്ചും അച്ചടക്കരാഹിതയവും കൃത്യനിർവ്വഹണ വീഴ്ച്ചയും മേലധികാരികളോടുള്ള അനാദരവും ആയി കണക്കാക്കി ബഹു.കോടതി വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്നതിലെ കുറ്റകരമായ അനാസ്ഥയും ടി കാലയളവിലെ സെക്രട്ടറിമാർ ഉത്തരവാദിയായതിനാൽ സേവനത്തിൽ തുടരുന്ന ശ്രീമതി വി.എസ്. സിന്ധുമോൾ, ശ്രീമതി വിജയശ്രീ. പി.പി, ശ്രീമതി റീന റാഫേൽ എന്നീ സെക്രട്ടറിമാർക്ക് KCS (cc&a) ചട്ടം 15 അനുസരിച്ച് പരാമർശം (4) പ്രകരാം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും സേവനത്തിൽ നിന്നും 31/05/2020-ൽ വിരമിച്ച ശ്രീമതി എൻ.ആർ.വിജയം, 31/10/2020-ൽ വിരമിച്ച (VRS) ശ്രീമതി വിജയമാലിനി എന്നീ മുൻ സെക്രട്ടറി മാർക്കെതിരെയുള്ള തുടർനടപടികൾക്കായി സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തു. ശ്രീമതി.എൻ.ആർ.വിജയം, ശ്രീമതി. വിജയമാലിനി, എന്നിവർക്ക് സർക്കാർ തലത്തിൽ പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കി അച്ചടക്കനടപടി ആരംഭിക്കുകയും കാരണം കാണിക്കൽ നോട്ടീസിന് ടിയാളുകൾ നല്കിയ എതിർവാദപത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.

പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ശ്രീമതി എൻ.ആർ.വിജയം, ബഹു. ഹൈക്കോടതി വിധി പാലിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നുവെന്നും അതിർത്തി കല്ലുകൾ യഥാസമയം സ്ഥാപിക്കാതിരുന്നതു മൂലമാണ് കാന/ഓട പൊളിച്ചു നീക്കാൻ കഴിയാതിരുന്നത് എന്ന ശ്രീമതി എൻ.ആർ.വിജയത്തിന്റെ വാദം അംഗീകരിക്കാവുന്നതാണെങ്കിലും, വിഷയത്തിന്റെ ഗൗരവം യഥാരീതിയിൽ ഉൾക്കൊണ്ട് അടിയന്തിരമായി റവന്യൂ അധികാരികളെ കൊണ്ട് സ്ഥലത്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ച് കാന/ഓട പൊളിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിൽ ടിയാരി വേണ്ടത്ര ജാഗ്രത പുലർത്തിയില്ല എന്ന് കരുതുന്നുവെന്നും എന്നിരുന്നാലും, ടിയാരി 30/05/2020 ന് സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ള സാഹചര്യത്തിലും ശ്രീ. ഇ.വി. പവിത്രൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത Contempt Case(civil) 1673/2021 നമ്പർ കേസ് 13.07.2022 ൽ ബഹു. കോടതി പരിഗണിക്കുകയും, 13.07.2022 തീയതിയിലെ ഉത്തരവ് പ്രകാരം, തർക്കസ്ഥലം വീണ്ടും അളക്കുന്നതിന് ഉത്തരവായിട്ടുള്ള സാഹചര്യത്തിലും ശ്രീമതി വിജയത്തിനെതിരെയുള്ള അച്ചടക്ക നടപടികളിൽ

അനുഭാവപൂർവമായ സമീപനം സ്വീകരിക്കാവുന്നതാണ് എന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. ശ്രീമതി. വിജയമാലിനി പി.ആർ 20/04/2020 തിയതിയിൽ മാത്രമാണ് ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് എന്നതും ടി ദിവസം സമ്പൂർണ ലോക്ക്ഡൗൺ പ്രഖ്യാപിച്ച കാലയളവിനുള്ളിലായിരുന്നുവെന്നതും വസ്തുതാപരമായി ശരിയായതിനാൽ ടിയാരിയുടെ വാദം പൂർണമായും അംഗീകരിക്കാവുന്നതാണ് എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

പരാമർശം (1) വിധിന്യായം നടപ്പിലാക്കുന്നതിലെ വീഴ്ച വരുത്തിയ കുറ്റത്തിന് പഞ്ചായത്ത് ഡയറക്ടർ തലത്തിൽ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ച ശ്രീമതി വി.എസ്.സിന്ധുമോൾ 31.09.2021 ൽ വിരമിച്ചതിനാൽ സർക്കാർ തലത്തിൽ നടപടി തുടരണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ടിയാൾക്കെതിരെ ഔപചാരിക അന്വേഷണം നടത്തി പരാമർശം (7) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്.

ശ്രീമതി.വി.എസ്.സിന്ധുമോൾക്കതിരായ ആരോപണങ്ങളിന്മേൽ നടത്തിയ ഔപചാരിക അന്വേഷണറിപ്പോർട്ട് പ്രകാരം ശ്രീമതി. വി. എസ്. സിന്ധുമോൾ, 30/09/2021 തീയതിയിൽ വോളന്ററി റിട്ടയർമെന്റ് പ്രകാരം ചേന്ദമംഗലം ഗ്രാമ പഞ്ചായത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും 12/10/2021 തീയതിയിൽ കോടതി അലക്ഷ്യം ലഭിക്കുകയും 20/10/2021 തീയതിയിൽ പരാതിക്കാരന്റെ ഭാഗത്തുള്ള കാന/ഓട കോൺക്രീറ്റ് നിർമ്മാണം 10 മീറ്റർ പൊളിച്ചു നീക്കിയിട്ടുള്ളതുമാണെന്നും കോവിഡ് പ്രതിസന്ധിയിൽ പഞ്ചായത്തുകൾക്കുണ്ടായ വർദ്ധിച്ച ജോലിഭാരവും, പഞ്ചായത്ത്, നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അനുബന്ധപ്രവർത്തനങ്ങളുടെ നടത്തിപ്പ് മൂലവും ബഹു. ഹൈക്കോടതി വിധിയും പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവും യഥാസമയം നടപ്പിൽ വരുത്തുന്നതിന് സംഭവിച്ച കാലതാമസം മനഃപൂർവ്വമല്ലാത്ത വീഴ്ചയായി കണ്ട് തുടർ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന ടിയാളുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ് എന്നും അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു.

കാരണം കാണിക്കൽ നോട്ടീസിന് നല്കിയ എതിർവാദപത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ടിലെ വസ്തുതകളും ഔപചാരികഅന്വേഷണറിപ്പോർട്ടിലെ കണ്ടെത്തലുകളും പരിശോധിച്ചതിൽ കോവിഡ് പ്രതിസന്ധിയിൽ പഞ്ചായത്തുകൾക്കുണ്ടായ വർദ്ധിച്ച ജോലിഭാരവും, പഞ്ചായത്ത്, നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അനുബന്ധപ്രവർത്തനങ്ങളുടെ നടത്തിപ്പ് മൂലമുണ്ടായ ജോലിഭാരം നിമിത്തവുമാണ് ബഹു. ഹൈക്കോടതി വിധിയും പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവും യഥാസമയം നടപ്പിൽ വരുത്തുന്നതിന് കാലതാമസം സംഭവിക്കുവാൻ കാരമമായതെന്ന് കാണുന്നു. ശ്രീമതി. വിജയമാലിനി പി.ആർ 20/04/2020 തിയതിയിൽ മാത്രമാണ് ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് എന്നതും ടി ദിവസം സമ്പൂർണ ലോക്ക്ഡൗൺ പ്രഖ്യാപിച്ച കാലയളവിനുള്ളിലായിരുന്നുവെന്നതും വസ്തുതാപരമായി ശരിയായതിനാൽ ടിയാരിയുടെ വാദം പൂർണമായും അംഗീകരിക്കപ്പെടേണ്ടതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട്, എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ട്, ശ്രീമതി എൻ.ആർ.വിജയം, ശ്രീമതി വിജയമാലിനി, ശ്രീമതി വി.എസ്.സിന്ധുമോൾ എന്നിവർ സമർപ്പിച്ച

എതിർവാദപത്രിക എന്നിവയുടെ അടിസ്ഥാനത്തിലും, ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായിരുന്ന ശ്രീമതി എൻ.ആർ.വിജയം, ശ്രീമതി വിജയമാലിനി, ശ്രീമതി വി.എസ്.സിന്ധുമോൾ എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിലും ഇവർക്കെതിരെ തുടർന്നുവന്ന അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി എൻ.ആർ.വിജയം, മുൻ സെക്രട്ടറി, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
2. ശ്രീമതി വിജയമാലിനി പി.ആർ., മുൻ സെക്രട്ടറി, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
3. ശ്രീമതി വി.എസ്.സിന്ധുമോൾ, മുൻ സെക്രട്ടറി, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.,
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/85/2021/തസ്വഭവ.).

ഉത്തരവിൻ പ്രകാരം

**Signed by Noushad M**
**Date: 28-11-2022 11:20:52**
സെക്ഷൻ ഓഫീസർ